എയ്ഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് കെട്ടിടത്തിന്റെ നവീകരണം

48 (5118) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ എയിഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ച് പ്രവർത്തനയോഗ്യമല്ലാതായിത്തീർന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാര ഉത്തരവുകൾ

49 (5119) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാര കാര്യത്തിൽ നാളിതുവരെ ഇറക്കിയ ഉത്തരവുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരകാര്യത്തിൽ വിവിധ റിവിഷൻ പെറ്റീഷൻ, ഹൈക്കോടതി വിധി, അപ്പീൽ എന്നിവയുടെ അടിസ്ഥാനത്തിൽ എത്ര ജി.ഒ. (ആർ.ടി.) നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇങ്ങനെ സംസ്ഥാനത്ത് ഏതെല്ലാം അധ്യാപകർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ട് ; അധ്യാപകരുടെ പേര്, സ്കൂൾ, വിദ്യാഭ്യാസ ജില്ല മുതലായവ വിശദമാക്കാമോ ;

(ഡി) ഉത്തരവുകൾ നൽകിയ പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഫയൽ നമ്പർ വ്യക്തമാക്കാമോ ; നൽകിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ ജി.ഒ. (ആർ.ടി.) പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly